THE KERALA STATE FINANCIAL ENTERPRISES LIMITED
(A Government of Kerala Undertaking)
Bhadratha, Museum Road, P.B. No.510, Thrissur - 680 020, Kerala, India
Ph: +91 487 2332255, Fax: +91 487 2336232, www.ksfe.com

നമ്പർ : 2312/4312

തിയതി: 23.06.2021

**സർക്കുലർ നമ്പർ : 56/2021 (P&HR)**

വിഷയം : കോവിഡ് ജാഗ്രതാ നിർദ്ദേശം - സർക്കാർ ഉത്തരവ് അനുസരിച്ച് കെ എസ് എഫ് ഇ യുടെ പ്രവർത്തനം പുന:ക്രമീകരിക്കുന്നത് സംബന്ധിച്ച്

സൂചന : 1.G.O.(Rt) No.479/2021/DMD dt 22/06/2021

2.21/06/2021 തീയ്യതിയിലെ സർക്കുലർ നമ്പർ 55/2021

......

സൂചന (1) പ്രകാരം ധനകാര്യസ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച പുതിയ നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട്. അതനുസരിച്ച് 23/06/2021 മുതൽ ശനിയാഴ്ച ഒഴികെയുള്ള എല്ലാ പ്രവൃത്തിദിവസങ്ങളിലും 50% ജീവനക്കാരുമായി കെ.എസ്.എഫ്.ഇ തുറന്നു പ്രവർത്തിക്കേണ്ടതാണ്. ഇനിയൊരറിയിപ്പുണ്ടാകുന്നതുവരെ ശനിയാഴ്ചകൾ അവധി ദിവസങ്ങളായിത്തന്നെ തുടരുന്നതാണ്. സായാഹ്നശാഖകൾ, സാധാരണശാഖകളുടെ പ്രവർത്തനസമയം(രാവിലെ 10 മണി മുതൽ വൈകീട്ട് 5 മണി വരെ) പാലിച്ചുകൊണ്ടാണ് പ്രവർത്തിക്കേണ്ടത്. ചിട്ടിലേലങ്ങൾ നടത്തേണ്ടതില്ല.

ടി പി ആർ 16 ശതമാനത്തിന് മുകളിലുള്ള സി വിഭാഗത്തിൽപ്പെടുന്ന പ്രദേശങ്ങളിലെ ശാഖകൾ/ഓഫീസുകൾ 25% ജീവനക്കാരുമായാണ് പ്രവർത്തിക്കേണ്ടത്. ടി പി ആർ 24 ശതമാനത്തിനും മുകളിലുള്ള പ്രദേശങ്ങളിലെ (ഡി വിഭാഗം)ശാഖകൾ ജില്ലാ അധികൃതരുടെ നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തനം ക്രമീകരിക്കേണ്ടതാണ്.

ശനിയാഴ്ച ഒഴികേയുള്ള പ്രവൃത്തിദിനങ്ങളിലെല്ലാം തുറന്നു പ്രവർത്തിക്കേണ്ടതാണെങ്കിലും ചൊവ്വ, വ്യാഴം ദിവസങ്ങളിൽ പൊതുജനങ്ങളുമായി ശാഖകളിൽ നേരിട്ടുള്ള ഇടപാടുകൾ നടത്തേണ്ടതില്ല. ആ ദിവസങ്ങൾ കുടിശ്ശികനിവാരണ പ്രവർത്തനങ്ങൾക്കും ബിസിനസ്സ് വർദ്ധിപ്പിക്കാനുള്ള ഉദ്യമങ്ങൾക്കും മറ്റ് ഓഫീസ് പ്രവൃത്തികൾക്കുമായി വിനിയോഗിക്കേണ്ടതാണ് .

സി, ഡി വിഭാഗങ്ങളിലൊഴികെ 23/06/2021 മുതൽ HRMS ൽ വർക്ക് അറ്റ് ഹോം രേഖപ്പെടുത്തുമ്പോൾ ആയത് ഓരോ ജീവനക്കാരനും ഈ സർക്കുലർ നിലവിലിരിക്കുന്ന കാലയളവിലെ പ്രവൃത്തിദിനങ്ങളുടെ 50 ശതമാനത്തിൽ കൂടാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്. സി വിഭാഗത്തിൽ സൂചന (2) സർക്കുലറിൽ സൂചിപ്പിച്ച പോലെ വർക്ക് അറ്റ് ഹോം രേഖപ്പെടുത്തേണ്ടതാണ്. ഡി വിഭാഗത്തിൽപ്പെടുന്ന ശാഖകളിലെ ജീവനക്കാർ വർക്ക് അറ്റ് ഹോം രേഖപ്പെടുത്തുമ്പോൾ HRMS ലെ Additional Information വിൻഡോയിൽ ഡി വിഭാഗത്തിൽ പെടുന്ന ശാഖകൾ എന്ന് പ്രത്യേകം കാണിക്കേണ്ടതാണ് .

**കെ.എസ്.എഫ്.ഇ യ്ക്കു വേണ്ടി**

**സുബ്രഹ്മണ്യൻ. വി.പി**
**മാനേജിംഗ് ഡയറക്ടർ**

To : എല്ലാ ശാഖ തലവന്മാർക്കും

പകർപ്പ് : 1. എല്ലാ മേഖല ഓഫീസ് മേധാവികൾക്കും
2. എല്ലാ എസ്.ഡി.ടി മേധാവികൾക്കും
3. എല്ലാ ഐ.എ.ഡി മേധാവികൾക്കും
4. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5. എം.ഡിയുടെ പി.എ